**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 951** **11-02-2025 - ൽ മറുപടിയ്ക്ക്**

**കടുവയുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിലെ പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയെ കടുവ കൊന്ന സംഭവത്തെത്തുടർന്ന് ഈ മേഖലയിലുണ്ടായ ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയുടെ അപകട-മരണത്തിനിടയാക്കിയ കടുവയുടെ മരണത്തിന് ശേഷവും വനത്തിനോട് ചേർന്ന ജനവാസകേന്ദ്രങ്ങ-ളിൽ പട്രോളിംഗും നിരീക്ഷണവും ശക്തമാക്കുകയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ നടപ-ടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ വനത്തിനോട് ചേർന്ന് കിടക്കു-ന്നതും കടുവ സാന്നിദ്ധ്യമുണ്ടാകാൻ സാദ്ധ്യതയുള്ള-തുമായ പ്രദേശങ്ങളെ പ്രത്യേകം കണ്ടെത്തി ഹോട്ട്സ്പോട്ടുകളാക്കി പ്രത്യേകം പട്രോളിംഗ് നടത്തു-ന്നതിനായി Operation Wayanad 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഹോട്ട് സ്പോട്ടുക-ളിൽ Camera traps, live cameras മുതലായവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം വന്യമൃഗങ്ങൾക്ക് വനാന്തർ ഭാഗത്ത് തന്നെ ഭക്ഷണവും വെള്ളവും സുലഭമാക്കുന്ന-തിന്റെ ഭാഗമായി “Mission Food, fodder and water” എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട് ലാന്റ്സ്കേപ്പിലും ഊർജ്ജിതമായി നടപ്പാക്കാ-നാരംഭിച്ചിട്ടുണ്ട്. കൂടാതെ കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിന് ഫെൻസിംഗുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് “Mission Fencing” എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | വയനാട് ദേശീയ കടുവ സംരക്ഷണ മേഖലയിൽ കടുവകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ എണ്ണം കാടിന് താങ്ങാവുന്നതിൽ അധികമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | വയനാട് വന്യജീവി സങ്കേതത്തിലുള്ള കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ എണ്ണം കാടിന് താങ്ങാവുന്നതിൽ അധികമാണ് എന്ന് സൂചിപ്പിക്കുന്ന ശാസ്ത്രീയ റിപ്പോർട്ടുകളൊന്നും തന്നെ ലഭ്യമല്ല. |
| (സി) | കടുവകളുടെ നിരന്തര ആക്രമണത്തിൽനിന്നും കർഷകരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് | (സി) | പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീയുടെ അപകട-മരണത്തിനിടയാക്കിയ കടുവയുടെ മരണത്തിന് |

| | | | |
|---|---|---|---|
| | ഏർപ്പെടുത്താനുദ്ദേശിക്കുന്ന സ്ഥിരം സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ; | | ശേഷവും വനത്തിനോട് ചേർന്ന ജനവാസകേന്ദ്രങ്ങ-ളിൽ പട്രോളിംഗും നിരീക്ഷണവും ശക്തമാക്കുകയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ നടപ-ടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ വനത്തിനോട് ചേർന്ന് കിടക്കുന്നതും കടുവ സാന്നിദ്ധ്യമുണ്ടാകാൻ സാദ്ധ്യതയുള്ളതുമായ ജനവാസ പ്രദേശങ്ങളെ പ്രത്യേകം കണ്ടെത്തി ഹോട്ട്സ്പോട്ടുകളാക്കി പ്രത്യേകം പട്രോളിംഗ് നടത്തുന്നതിനായി Operation Wayanad 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഹോട്ട് സ്പോട്ടുകളിൽ Camera traps, live cameras മുതലായവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം വന്യമൃഗങ്ങൾക്ക് വനാന്തർ ഭാഗത്ത് തന്നെ ഭക്ഷണവും വെള്ളവും സുലഭമാക്കുന്ന-തിന്റെ ഭാഗമായി "Food, fodder and water" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട് ലാന്റ്സ്കേപ്പിലും ഊർജ്ജിതമായി നടപ്പാക്കാനാരംഭി-ച്ചിട്ടുണ്ട്. കൂടാതെ കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിന് ഫെൻസിംഗുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് "Mission Fencing" എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. |
| (ഡി) | നാട്ടിലേക്കിറങ്ങാൻ സാധ്യതയുള്ള കടുവകളെ നിരീക്ഷിച്ച് ആക്രമണങ്ങൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കടുവകളെ നിരീക്ഷിച്ച് മനുഷ്യ-കടുവാ സംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു-വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ